# യഥാർത്ഥ ഫലം പുറപ്പെടുവിക്കുന്നവരാണോ നാം

## മർക്കോസ് 11:14

"അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു, അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നു വെച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല."

ദേവാലയ ശുദ്ധീകരണത്തിന് ശേഷം അന്നു വൈകുനേരം യേശു ബേഥാന്യയിലേക്ക് മടങ്ങി. പിറ്റെന്നാൾ പ്രഭാതമായതോടെ വീണ്ടും യെരൂശലേമിലേക്കു യാത്രയായി. തലേ ദിവസത്തെ അധ്വാനഭാരം, യാത്രാ ക്ഷിണം എല്ലാം കൂടിയായപ്പോൾ കർത്താവു തളർന്നവശനായി. വിശന്നുവലഞ്ഞു ഭക്ഷിക്കുവാൻ എന്തെങ്കിലും കിട്ടിയിരുന്നങ്കിൽ വിശപ്പടക്കി ക്ഷിണം അകറ്റാം എന്നു ചിന്തിച്ചു മുന്നോട്ടു നടന്നു നീങ്ങുന്നു. അപ്പോഴാണ് അങ്ങ് അതാ, ഇടതൂർന്നു ഇലകളോടുകൂടിയ ഒരു അത്തി വൃക്ഷം കുറെ ദൂരത്തു നില്ക്കുന്നത് കർത്താവു കണ്ടു.

അത്തി വൃക്ഷത്തിനു എന്താണ് പ്രത്യേകത?

വേദപുസ്തകത്തിൽ പരാമർശിക്കുന്ന ആദ്യത്തെ വൃക്ഷം ജീവവൃക്ഷം ആണ്. രണ്ടാമത്തെ വൃക്ഷം നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം ആണ്. എന്നാൽ മൂന്നാമത്തെ വുക്ഷത്തിന്റെ പേര് എടുത്തു പറയുന്നുണ്ട്. അത് അത്തിവൃക്ഷം ആണ്. അതായത് വേദപുസ്തകത്തിൽ പേർ പറയുന്നതും നമുക്ക് അറിയാവുന്നതുമായ വൃക്ഷമാണ് അത്തിവൃക്ഷം. എവിടെയാണ് അത്തിയെ കുറിച്ച് ആദ്യം പറയുന്നത്; ഉല്പത്തി 3:7 ആദാമും ഹവ്വയും പാപം ചെയ്തു കഴിഞ്ഞപ്പോൾ അവർ സ്വയം "നഗ്നരെന്നു അറിഞ്ഞു, അത്തിയില കൂട്ടിത്തുന്നി തങ്ങൾക്കു അരയാട ഉണ്ടാക്കി." വേദപുസ്തകത്തിൽ പറയുന്ന ഫലം പുറപ്പെടുവിക്കുന്ന ആദ്യത്തെ വൃക്ഷം അത്തി ആണ്. എന്നാൽ അതിന്റെ ഫലത്തെക്കുറിച്ചല്ല, ഇലയെ കുറിച്ചാണ് ആദ്യത്തെ പരാമർശം എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇത് പാപം ചെയ്തുകഴിഞ്ഞ മനുഷ്യന്റെ ജീവിതത്തിന്റെ ഒരു നേർചിത്രം ആണ്. അകമേയുള്ള പാപത്തെ മറയ്ക്കുവാൻ മനുഷ്യൻ ബാഹികമായ പലതും കണ്ടു പിടിച്ചു തുടങ്ങി. ഇന്ന് നന്മ തിന്മകളെ തിരിച്ചറിയുവാൻ നമുക്കും സാധിക്കുമെങ്കിലും നന്മയുടെ പൂർണതയിൽ ജീവിക്കുവാൻ കഴിയുന്നില്ല എന്നതാണ് വലിയ പ്രശ്നം.

നമുക്ക് നമ്മുടെ ആത്മീയ ജീവിതത്തിലേക്കു നോക്കാം. കർത്താവു ശപിച്ച അത്തിയുടെ അവസ്ഥയാണോ ഇന്നു നമ്മുടെ ജീവിതത്തിന്റെ അവസ്ഥ, അതോ കർത്താവു

ആഗ്രഹിക്കുന്ന നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാണോ നാം. വചനം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. പ്രാർത്ഥന ജീവിതമുള്ള നാം ഓരോരുത്തരും യഥാർത്ഥ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാണോ? ഇലകൾ ഉള്ള അത്തിയുടെ കടമ ഫലം പുറപ്പെടുവിക്കുക എന്നതാണ്. നമ്മുടെ സൃഷ്ടാവിന്റെ തോട്ടത്തിലെ വൃക്ഷങ്ങളായ നാം തോട്ടക്കാരൻ ആഗ്രഹിക്കുന്ന തലത്തിലാണോ ജീവിക്കുന്നത്. അതോ ആ ആഗ്രഹത്തിനു വിപരീതമായി ലോകം ആഗ്രഹിക്കുന്ന തരത്തിലുള്ള ഫലങ്ങൾ പുറപ്പെടുവിക്കുമോ നാം – കപടതയുടെ മുഖമൂടി അണിഞ്ഞാണോ നാം നിൽക്കുന്നത്, ഭവനത്തിൽ ആയിരിക്കുമ്പോൾ ഒരു സ്വഭാവം, ജോലി സ്ഥലത്തു വേറെ സ്വഭാവം, വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ വേറെ സ്വഭാവം, സമൂഹത്തിന്റെ മുൻപിൽ മറ്റൊരു മുഖം, പ്രാർഥനക്കും, കൺവെൻഷനും, ധ്യാനത്തിനും വരുമ്പോൾ തോട്ടക്കാരൻ ആഗ്രഹിക്കുന്ന തരത്തിൽ ഉള്ള ഒരു സ്വഭാവമാണോ നമുക്ക്. കാപട്യത്തിന്റെ ജീവിതത്തെയാണ് ഈ അത്തിയുടെ ഉപമയിൽകൂടി കർത്താവു നമുക്ക് വരച്ചു കാട്ടിത്തരുന്നത്. വെറും ഇലകൾ കൊണ്ട് പുറമോടി തയ്ച്ചു നടക്കുകയാണോ നാം. ഇലകൾ ഉള്ള അത്തിയുടെ കടമ ഫലം പുറപ്പെടുവിക്കുക എന്നതാണ്. അത്തിവൃക്ഷത്തെ പോലെ ഇലകളാൽ നാം സമൃദ്ധിയായി നില്ക്കുന്നു, എന്നാൽ നമ്മുടെ സൃഷ്ടാവിന്റെ ആഗ്രഹത്തിന് ഒത്തു ഉയരുവാൻ സാധിച്ചില്ലായെങ്കിൽ നാം നമ്മോടു തന്നെ ചെയ്യുന്ന വഞ്ചനാപരമായ തെറ്റാണ് അത്.

കർത്താവു നമ്മെ കണ്ടു കൊണ്ട് ഇരിക്കുകയാണ്, നാം ഫലം പുറപ്പെടുവിക്കുന്നവർ ആണോ എന്ന് അവിടുന്ന് നോക്കികൊണ്ട് ഇരിക്കുന്നു. നമ്മുടെ ഉള്ളിൽ നിന്നും വരുന്ന ഫലങ്ങൾ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കു പ്രയോജനം ഉണ്ടോ എന്ന് അവിടുന്ന് നോക്കുന്നു. ഫലശൂന്യമായ അത്തി ശപിക്കപെട്ടു. ഉയരത്തിൽ നിന്നും, ചോദിച്ചതിലും അധികമായി കൃപകളും, അനുഗ്രഹങ്ങളും പ്രാപിച്ചിട്ടും ഫലകരമായ ജീവിതം നയിക്കുന്നില്ലായെങ്കിൽ നാമും നശിച്ചുപോകും. നശിച്ചു പോകുന്നവരുടെ ഇടയിൽ നല്ല ഫലങ്ങൾ കായിച്ചു ജീവിതത്തിലേക്ക് മടങ്ങി വരുവാൻ സമർപ്പിച്ചു കൊടുക്കാം. അവിടുന്ന് നമ്മെ തള്ളിക്കളയുകയില്ല, ഉപേക്ഷിക്കുകയുമില്ല, ഒരു കാര്യം മാത്രം ഓർക്കുക ഫലം കൊണ്ടാണ് വൃക്ഷത്തെ അറിയുന്നത്. അപ്പോൾ മറ്റുള്ളവർ നമ്മുടെ ഫലങ്ങൾ കണ്ടു നമ്മുടെ ദൈവത്തെ അറിയുവാനും മഹത്വപ്പെടുത്തുവാനും സാധിക്കണം. ഈ വചനങ്ങളാൽ ദൈവം നമ്മളെ ഓരോരുത്തരെയും അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

മത്തായി 7:16 – 19

മുള്ളുകളിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായക്കുന്നു. നല്ല വൃക്ഷത്തിന്നു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന്നു നല്ല ഫലവും കായ്പ്പാൻ കഴിയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 013**